3812—2

003812

# കേരള സർക്കാർ
## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

INFORMATION & PUBLIC RELATIONS DEPT. 23 JAN 2010 SECRETARIAT, THIRUVANANTHAPURAM

നമ്പർ 10296/ഔഭാ3/09/ഉഭപവ

തിരുവനന്തപുരം
തീയതി : 11.01.2010

## സർക്കുലർ

വിഷയം:- ഔദ്യോഗികഭാഷ വകുപ്പ്-വിവിധ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ മലയാളത്തിലാക്കുന്നത് സംബന്ധിച്ച്

സൂചന:- വിവര സാങ്കേതിക വിദ്യ (ബി) വകുപ്പിന്റെ 30.07.2009 ലെ 2826/ബി1/09/വി.സ.വ നം സർക്കുലർ

.............................................

ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാകണം എന്നതാണ് കേരള സർക്കാരിന്റെ പ്രഖ്യാപിത നയം. വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ-അർദ്ധസർക്കാർ-സ്വയംഭരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ഈ ഉദ്ദേശ്യം നടപ്പിൽ വരുത്തുന്നതിനാണ്. സർക്കാരും ജനങ്ങളും തമ്മിലുള്ള ആശയവിനിമയത്തിൽ വിവര വിനിമയ സാങ്കേതിക വിദ്യ വ്യാപകമായി ഉപയോഗിക്കുന്ന ഈ കാലഘട്ടത്തിൽ സർക്കാർ വെബ്സൈറ്റുകളിലൂടെ നൽകുന്ന വിവരങ്ങൾ മലയാളത്തിലും ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സർക്കാരിന്റെ വെബ്സൈറ്റുകൾ മലയാളത്തിൽ കൂടി ലഭ്യമാക്കണമെന്ന് സർക്കാരിന്റെ 2007- ലെ ഐ.ടി. നയം വിഭാവനം ചെയ്യുന്നുണ്ട്. 2007-ൽ ചേർന്ന ഔദ്യോഗിക ഭാഷാ സംസ്ഥാനതല സമിതിയിൽ ഇപ്പോൾ ഇംഗ്ലീഷ് ഭാഷയിലുള്ള വെബ്സൈറ്റുകളിൽ മലയാള പരിഭാഷകൂടി ഉൾപ്പെടുത്തണമെന്ന അഭിപ്രായം ഉണ്ടാകുകയും അതിനുവേണ്ട നടപടികൾ ഔദ്യോഗിഭാഷാ വകുപ്പിൽ ആരംഭിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

സൂചനയിലെ സർക്കുലർ പ്രകാരം വിവര സാങ്കേതിക വിദ്യാ വകുപ്പ് സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സഹകരണസ്ഥാപനങ്ങളിലും വെബ്സൈറ്റുകൾ മലയാളത്തിൽ നിർമിക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതു കൂടാതെ താഴെപറയുന്ന നിർദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണസ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയിലെ വെബ്സൈറ്റുകളിൽ വിവരങ്ങൾ മലയാളത്തിൽ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അതാത് വകുപ്പുകൾ/സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്. ഇതിനായി വിവര സാങ്കേതിക വിദ്യാ വകുപ്പ്, കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ, സി.ഡിറ്റ് എന്നിവയുടെ സഹായം തേടാവുന്നതാണ്.

2. വെബ് സൈറ്റുകളിൽ യൂണിക്കോഡ് അധിഷ്ഠിത മലയാളം ഫോണ്ടുകൾ തന്നെ ഉപയോഗിക്കേണ്ടതാണ്.

3. വെബ്സൈറ്റുകൾ നിർമിക്കുന്നതിന് അറിവും വൈദഗ്ധ്യവുമുള്ള ഉദ്യോഗസ്ഥർ വകുപ്പിൽ/സ്ഥാപനത്തിൽ തന്നെ ഉള്ള പക്ഷം അവരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

4. വെബ്സൈറ്റുകളിൽ മലയാളത്തിൽ നൽകുന്ന വിവരങ്ങൾ സമ്പൂർണ്ണവും സമഗ്രവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്നതിന് സമാനവുമായിരിക്കണം. ഇംഗ്ലീഷിൽ ആശയവിനിമയത്തിനു സൗകര്യം നൽകിയിട്ടുള്ള വെബ്സൈറ്റുകളിൽ ആയതിനുള്ള സൗകര്യം മലയാളത്തിലും ലഭ്യമാക്കേണ്ടതാണ്.

കെ. സുരേഷ്കുമാർ
സെക്രട്ടറി

വിവര സാങ്കേതിക വിദ്യാ വകുപ്പ്
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
രജിസ്ട്രാർ, സി.ഡിറ്റ്
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും, പൊതുമേഖലാ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ മേധാവികൾക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
സ്റ്റോക്ക് ഫയലുകൾ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ